# <u>നാഷണൽ കോ-ഓർഡിനേഷൻ കമ്മറ്റി ഓഫ് ഇലക്ട്രിസിറ്റി എഞ്ചിനീയേഴ്സ് ആൻറ് എംപ്ലോയീസ്</u>

## <u>NCCOEEE സംസ്ഥാന സംയുക്ത സമിതി</u>

## <u>സർക്കുലർ</u>

**08/07/2015**

നാഷണൽ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ സംസ്ഥാന സംയുക്ത സമിതി യോഗം 08/07/2015-ൽ ബി.ടി.ആർ-ൽ ചേർന്നു. യോഗത്തിൽ വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന പ്രസിഡൻറ് സ: എ.എൻ.രാജൻ അദ്ധ്യക്ഷത വഹിച്ചു. ദേശീയ വൈദ്യുതി മേഖല നേരിടുന്ന പ്രതിസന്ധിയും വൈദ്യുതി നിയമ ഭേദഗതിബിൽ 2014 ഉണ്ടാക്കുന്ന ജനവിപത്തുകൾ സംബന്ധിച്ചും അതിനെതിരെ നാഷണൽ കോ-ഓർഡിനേഷൻ കമ്മറ്റി നടത്തുന്ന പണുമുടക്ക് ഉൾപ്പെടെയുള്ള പ്രക്ഷോഭ കാമ്പ്യയിൻ പ്രവർത്തനങ്ങളെ സംബന്ധിച്ചും ഇ.ഇ.എഫ്.ഐ ദേശീയ പ്രസിഡൻറ് സ.കെ.ഒ.ഹബീബ് യോഗത്തിൽ വിശദീകരിച്ചു. നാഷണൽ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന ദേശീയ പണിമുടക്ക് ഉൾപ്പെടെയുള്ള പ്രക്ഷോഭണങ്ങൾ പൂർണ്ണമായും വിജയിപ്പിക്കുന്നതിനു വേണ്ടി സംഘടനാ പ്രതിനിധികൾ ആവശ്യമായ ചർച്ചകൾ നടത്തി തീരുമാനിച്ചു. വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് താഴെ പറയുന്നവർ യോഗത്തിൽ പങ്കെടുത്തു.

### <u>പങ്കെടുത്തവർ</u>

| | |
|---|---|
| 1. വി.ലക്ഷ്മണൻ | കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ |
| 2. വി.എസ്. അജിത്കുമാർ | ‘‘ |
| 3. പി.ഹരിഹരൻ | ‘‘ |
| 4. എം.ഡി.ജോർജ്ജ് | ‘‘ |
| 5. എം.പി.ഗോപകുമാർ | കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ |
| 6. സിബിക്കുട്ടി ഫ്രാൻസിസ് | കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫഡറേഷൻ |
| 7. അജിത്കുമാർ .ആർ | ‘‘ |
| 8. വിൻസൻറ് ലോബോ | ‘‘ |
| 9. എം.ജി.സുരേഷ് കുമാർ | കെ.എസ്.ഇ.ബി ഓഫീസേഴ്സ് അസോസിയേഷൻ |
| 10. ബി.പ്രദീപ് | ‘‘ |
| 11. ജെ.സത്യരാജൻ | ‘‘ |
| 12. പ്രസാദ് മാത്യു | ‘‘ |
| 13. കെ.മോഹനൻ | കേരള വിദ്യുത് മസ്ദൂർ സംഘ് |
| 14. ജി.ഷാജികുമാർ | കെ.എസ്.ഇ.ബി. എഞ്ചിനീയേഴ്സ് അസോസിയേഷൻ |
| 15. അനൂപ് വിജയൻ | ‘‘ |
| 16. വില്യം വിനയരാജ് | ‘‘ |
| 17. ഷാജഹാൻ | കെ.എസ്.ഇ.ബി എംപ്ലോയീസ് ഓർഗനൈസേഷൻ (എസ്.റ്റി.യു) |

18. സുരേഷ്കുമാർ .എസ്. കേരളാ പവർ ബോർഡ് ഓഫീസേഴ്സ് ഫെഡറേഷൻ
19. കെ.എസ്.സുനിൽ ‘‘
20. എസ്.കെ. സുഗതൻ കെ.എസ്.ഇ.ബി ഓഫീസേഴ്സ് ഫെഡറേഷൻ
21. ഡേവിഡ്സൺ.സി. കെ.എസ്.ഇ.ബി പോസ്റ്റ് ഗ്രാജുവേറ്റ് എൻജിനീയേഴ്സ് അസോസിയേഷൻ

## തീരുമാനങ്ങൾ

1. പണിമുടക്ക് നോട്ടീസ് 09/07/2015-ന് എല്ലാ സംഘടനകളും കൊടുക്കാൻ തീരുമാനിച്ചു.
2. ജില്ലാതല സംഘടനാ സംയുക്ത ആലോചനാ യോഗം 13/07/2015 ന് വിളിച്ചു ചേർക്കണം (ജില്ലയിലെ പെൻഷനേഴ്സ് അസോസിയേഷൻ, കോൺട്രാക്റ്റ് വർക്കേഴ്സ് അസോസിയേഷൻ എന്നീ സംഘടനകളെയും പ്രസ്തുത യോഗത്തിൽ പങ്കെടുപ്പിക്കണം)
3. ദക്ഷിണമേഖല ദേശീയ കൺവൻഷൻ 14/07/2015 -ന് ചെന്നൈയിൽ വച്ച് നടക്കുന്നതാണ്. ഈ കൺവൻഷനിൽ സംഘടനാ പ്രതിനിധികൾ അവരുടെ സാധ്യതയ്ക്കനുസരിച്ച് പങ്കെടുക്കണമെന്ന് തീരുമാനിച്ചു.
4.16/07/2015-ന് സംസ്ഥാനതല സംയുക്ത കൺവൻഷൻ തിരുവനന്തപുരം ബി.റ്റ്.ആർ-ൽ രാവിലെ 10 മണിക്ക് ചേരാൻ തീരുമാനിച്ചു. പ്രസ്തുത കൺവൻഷനിൽ എല്ലാ സംഘടനകളുടെയും ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്. സംഘടനകളുടെ ക്വാട്ട താഴെ പറയുന്ന വിധം തീരുമാനിച്ചു.

## സംഘടന ക്വാട്ട

| | |
|---|---|
| 1. വർക്കേഴ്സ് അസോസിയേഷൻ | 250 |
| 2. വർക്കേഴ്സ് ഫെഡറേഷൻ | 150 |
| 3. എംപ്ലോയീസ് കോൺഫെഡറേഷൻ | 200 |
| 4. ഓഫീസേഴ്സ് അസോസിയേഷൻ | 100 |
| 5. എഞ്ചിനീയേഴ്സ് അസോസിയേഷൻ | 70 |
| 6. പവർ ബോർഡ് ഓഫീസേഴ്സ് ഫെഡറേഷൻ | 100 |
| 7. ഓഫീസേഴ്സ് ഫെഡറേഷൻ | 25 |
| 8. കേരള വിദ്യുത് മസ്ദൂർ സംഘ് | 25 |
| 9. കെ.എസ്.ഇ.ബി. എംപ്ലോയീസ് ഓർഗനൈസേഷൻ (എസ്.റ്റി.യു) | 25 |
| 10. കോൺ ട്രാക്റ്റ് വർക്കേഴ്സ് അസോസിയേഷൻ | 25 |
| 11. പെൻഷനേഴ്സ് അസോസിയേഷൻ | 25 |
| 12. കെ.എസ്.ഇ.ബി പോസ്റ്റ് ഗ്രാജുവേറ്റ് എഞ്ചിനീയേഴ്സ് അസോസിയേഷൻ | 10 |

5. ഡിവിഷൻ അടിസ്ഥാനത്തിൽ സംയുക്ത വിശദീകരണം 21/07/2015 നകം നടത്തണം
6. സെക്ഷൻ അടിസ്ഥാനത്തിൽ പണിമുടക്ക് ദിവസത്തിനു തൊട്ടു മുൻപിലുള്ള 3 ദിവസങ്ങളിൽ ബാഡ്ജ് ധരിച്ച് മുദ്രാവാക്യം വിളിക്കുകയും സംയുക്തമായ വിശദീകരണം നടത്തുകയും ചെയ്യണം.
7. എല്ലാ ഓഫീസുകളിലും പണിമുടക്ക് പ്രചരണാർത്ഥം ആകർഷമായ ബോർഡുകൾ സ്ഥാപിക്കണം

8. ജില്ലാ അടിസ്ഥാനത്തിൽ ലോക്സഭാ, രാജ്യസഭാ അംഗങ്ങൾക്കും എം.എൽ.എ മാർക്കും വൈദ്യുതി നിയമ ഭേദഗതി ബിൽ 2014-ന് എതിരെയുള്ള മെമ്മോറാണ്ടവും പണിമുടക്ക് സംബന്ധമായി ലഭിക്കുന്ന ലഘുലേഖകളും നൽകണം.
9. പ്രധാന കേന്ദ്രങ്ങളിൽ സായാഹ്ന ധർണ്ണകളും പന്തം കൊളുത്തി പ്രകടനവും നടത്തണം.
10. വൈദ്യുതി ഉപഭോക്താക്കൾ , കൃഷിക്കാർ , ചെറുകിട വ്യവസായ സംരംഭകർ തുടങ്ങിയ ജനവിഭാഗങ്ങൾക്കിടയിൽ ലഘുലേഖ വിതരണം നടത്തണം.
11. പോസ്റ്ററുകൾ, പ്ലക്കാർഡുകൾ എന്നിവ ഉപയോഗിച്ച് ആകർഷകമായ പ്രചാരണ പരിപാടികൾ നടത്തണം.
12. പണിമുടക്ക് ദിവസം ജില്ലയിൽ തെരഞ്ഞെടുത്ത കേന്ദ്ര ഗവൺമെൻറ് സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ പ്രതിഷേധ പ്രകടനവും വിപുലമായ സംയ്ക്ത വിശദീകരണവും നടത്തുവാൻ തീരുമാനിച്ചു. ഈ യോഗങ്ങളിൽ ട്രേഡ് യൂണിയൻ - സംഘടനാ നേതാക്കൻമാരെ വിളിച്ച് ശ്രദ്ധേയമായ വിശദീകരണവും നൽകാൻ തീരുമാനിച്ചു.

മുകളിൽ സൂചിപ്പിച്ച എല്ലാ തീരുമാനങ്ങളും സമയബന്ധിതമായി നടത്തണമെന്നും ദേശീയ വൈദ്യുത പണിമുടക്ക് പൂർണ്ണമാക്കുന്നതിനുവേണ്ടി എല്ലാ സംഘടനാ ഭാരവാഹികളും പ്രവർത്തകരും രംഗത്തിറങ്ങണമെന്നും അഭ്യർത്ഥിക്കുന്നു.

സംയുക്ത സംഘടനാ സമിതി

ഒപ്പ്